നമ്പർ.ജി2/25288/05

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, 25/6/2005

സർക്കുലർ നമ്പർ. 19/2005

വിഷയം: സഹകരണ വകുപ്പ് - പരേതനായ മുൻ എം.എൽ.എ ശ്രീ.സി.ജി.പണിക്കരുടെ നാമ ധേയത്തിൽ ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന 'ആശ്രയ പകൽ പരിപാലന കേന്ദ്രം' -സഹകരണസ്ഥാപനങ്ങളിൽ നിന്നും സംഭാവനകൾ നല്കുന്നതിനു അനുമതി പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന: ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് ആശ്രയ പകൽ പരിപാലന കേന്ദ്രം സമിതി ഭാരവാഹികളുടെ നിവേദനം.

പരേതനായ മുൻ ശ്രീകൃഷ്ണപുരം എം.എൽ.എ. സി.ജി.പണിക്കരുടെ നാമധേയത്തിൽ ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ആശ്രയ പകൽ പരിപാലന കേന്ദ്രം മുഴുവൻ സമയവും പ്രവർത്തിപ്പിക്കുന്നതിനും ടി പരിപാലന കേന്ദ്രത്തിന്റെ വികസന പ്രവർത്ത നങ്ങൾക്കും കൂടുതൽ അന്തേവാസികളെ പ്രവേശിപ്പിക്കുന്നതിനുമായി സഹകരണ സ്ഥാപന ങ്ങളിൽ നിന്നും സംഭാവനകൾ നല്കുന്നതിന് ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി നടപടി സ്വീകരിക്കണമെന്ന് സൂചന പ്രകാരമുള്ള നിവേദനത്തിൽ അപേക്ഷിച്ചിരിക്കുന്നു.

മേൽ അപേക്ഷ പരിഗണിച്ചുകൊണ്ടും 1969ലെ കേരള സഹകരണസംഘം നിയമത്തിലെ വകുപ്പ് 56 (2) (ഡി)യ്ക്ക് വിധേയമായി സംഘങ്ങളുടെ പൊതുനന്മ ഫണ്ടിൽ നിന്നും സംഭാവന കൾ നല്കുന്നതിനു സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് ഇതിനാൽ അനുവാദം നല്കുന്നു.

ഒപ്പ്
കെ.കേശവൻ
സഹകരണ സംഘം രജിസ്ട്രാർ (ഇൻ-ചാർജ്)

പകർപ്പ്:

1. ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്), പാലക്കാട്.
2. എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും (ജോയിൻര് രജിസ്ട്രാർ) മുഖേന
3. സെക്രട്ടറി, ആശ്രയ പകൽ പരിപാലന കേന്ദ്രം, ശ്രീകൃഷ്ണപുരം, പാലക്കാട്.
4. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
5. സർക്കുലർ ബുക്ക്
6. സ്റ്റോക്ക് ഫയൽ/സ്പെയർ

ആജ്ഞാനുസരണം

സഹകരണസംഘം രജിസ്ട്രാർക്കു വേണ്ടി.